ആഭിമുഖ്യത്തിൽ വികസിപ്പിച്ചുവരുന്നു. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി.വി.സി. ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. കയർ മാറ്റസ് ആന്റ് മാറ്റിംഗ്സ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചുവരുന്നു. റബ്ബറിൽ കയർപിത്ത് ഫില്ലർ മെറ്റീരിയൽ ആയി ഉപയോഗിച്ച് ചെരുപ്പ്, ഡോർമാറ്റ് മുതലായ ഉൽപ്പന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കയർ മേഖലയ്ക്കാവശ്യമുള്ള യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കയർ മാർക്കറ്റിംഗ് രംഗത്ത് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്ത നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ-നഷ്ട കണക്കുകൾ

204 (4195) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ 2011-12, 2012-13 വർഷങ്ങളിലെ ലാഭ-നഷ്ട കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം കമ്പനികളിലാണ് ഇപ്പോൾ ഉൽപ്പാദനം മുടങ്ങിയിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12,2012-13 വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ ഒരിടത്തും ഉൽപ്പാദന പ്രവർത്തനങ്ങൾ മുടങ്ങിയിട്ടില്ല.

മലബാർ സിമന്റ്സ് വിപുലീകരണ പദ്ധതി

205 (4196) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പദ്ധതി നടപ്പാക്കുമ്പോൾ കമ്പനിക്ക് ഉണ്ടാകുന്ന മെച്ചം എന്താണ്?

<u>ഉത്തരം</u>

(എ&ബി) മലബാർ സിമന്റ്സ് ലിമിറ്റഡിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനം നിറുത്തിവച്ച പ്ലാന്റിലെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും വാഗൺ ടിപ്പർ സിസ്റ്റം സ്ഥാപിക്കുന്നതിനും സിമന്റ് പാർക്കിംഗ് പ്ലാന്റിന്റെ വൈവിദ്ധ്യവൽക്കരണത്തിനും നവീകരണത്തിനും ആവശ്യമായ തുക കമ്പനിയുടെ സർപ്ലസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതി തുടങ്ങുവാനുള്ള സാമ്പത്തിക നിക്ഷേപം കെ.വാറ്റ് ടാക്സ് വായ്പയായും പോരാത്തതിന് ആവശ്യം വരികയാണെങ്കിൽ ബാങ്കിൽനിന്നും വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരിച്ചടവ് ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ അഞ്ച് വർഷം കഴിഞ്ഞ് തുടങ്ങിയാൽ മതി. തിരിച്ചടവ് അറുപത് തുല്യ ഗഡുക്കളായി അടച്ചുതീർക്കണം.

(ഡി) ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതിയിലൂടെ സിമന്റ് വിതരണം വർദ്ധിപ്പിക്കുവാനും കമ്പനിക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ചുരുങ്ങിയ ചെലവിൽ വാളയാറിലും ചേർത്തലയിലും എത്തിക്കുവാനും സാധിക്കും. മലബാർ സിമന്റ്സ് ലിമിറ്റഡ് നിലവിൽ സംസ്ഥാനത്തിനാവശ്യമായ സിമന്റിന്റെ എട്ട് ശതമാനം മാത്രമേ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുള്ളൂ. ബാക്കി തൊണ്ണൂറിരണ്ട് ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. മലബാർ സിമന്റ്സ് കേരള സംസ്ഥാനത്ത് ഇരുപത്തിയഞ്ച് ശതമാനം മാർക്കറ്റ് ഷെയറായി ഉയർത്തി പ്രധാന കണ്ണിയായി പ്രവർത്തിക്കുവാൻ മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന സാധിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

206 (4197) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് തുക ഏത് വർഷം വരെ നൽകി എന്നത് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly